# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **28.04.2017-ന് മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. *109**

## <u>പാഠപുസ്തകങ്ങളുടെ വിതരണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ അദ്ധ്യയനവർഷം യഥാസമയം പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് വേണ്ട മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ 2017-18 അദ്ധ്യയന വർഷത്തെ ഒന്നുമുതൽ 10 വരെയുള്ള മുഴുവൻ ക്ലാസുകളിലെ പാഠപുസ്തകങ്ങളും അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്) യെയും 11, 12 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സി-ആപ്റ്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 12-ാം ക്ലാസ് പാഠപുസ്തക വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 11-ാം ക്ലാസ് പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗമിച്ചുവരുന്നു. |
| (ബി) പാഠപുസ്തക വിതരണത്തിലെ അപാകതകൾ ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി മുഖേന പൊതുവിദ്യാലയങ്ങളുടെ ഭൗതിക-അക്കാദമിക തലങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തി പൊതുവിദ്യാഭ്യാസ മേഖലയെ നവീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിനായുള്ള വിവിധ കർമ്മ പദ്ധതികൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ